**കേരള സർക്കാർ**
**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃക്കാക്കര നഗരസഭ - ദിവസവേതനാടിസ്ഥാനത്തിൽ നിയമിതരായ ബിൽ കളക്ടർമാരുടെ സേവന കാലാവധി ദീർഘിപ്പിക്കുന്നതിന് അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

=================================================================

**തദ്ദേശ സ്വയംഭരണ (ഇ.യു) വകുപ്പ്**

സ.ഉ.(സാധാ) നം. 2663/2016/തസ്വഭവ. തീയതി, തിരുവനന്തപുരം, 09.09.2016.

=================================================================

**പരാമർശം :** 1) 09.02.2016 ലെ സ.ഉ. (സാധാ) നം.518/2016/തസ്വഭവ.
2) തൃക്കാക്കര നഗരസഭാ കൗൺസിലിന്റെ 12.05.2016 ലെ 3-ാം നമ്പർ തീരുമാനം.
3) തൃക്കാക്കര നഗരസഭാ സെക്രട്ടറിയുടെ 13.05.2016 ലെ ജി.ഇ1-22675/14 നമ്പർ കത്ത്.
4) നഗരകാര്യ ഡയറക്ടറുടെ 05.08.2016-ലെ E7-11502/2016 നമ്പർ കത്ത്.

**ഉത്തരവ്**

തൃക്കാക്കര നഗരസഭയിൽ പരാമർശം ഒന്ന് പ്രകാരമുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ ദിവസവേതാനാടിസ്ഥാനത്തിൽ 3 മാസത്തേക്ക് നിയമിതരായ 15 ബിൽ കളക്ടർമാരുടെ സേവന കാലാവധി 31.05.2016-ൽ അവസാനിച്ച സാഹചര്യത്തിൽ, ടി നഗരസഭയിലെ തൊഴിൽ നികുതി പിരിവിന് ടി ബിൽ കളക്ടർമാരുടെ സേവനം ആവശ്യമായതിനാലും ടി ജീവനക്കാരുടെ സേവനകാലാവധി 01.06.2016 മുതൽ 3 മാസക്കാലയളവിലേക്ക് കൂടി ദീർഘിപ്പിച്ച് അനുമതി ഉണ്ടാകണമെന്ന് പരാമർശം കൗൺസിൽ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരമുള്ള അപേക്ഷ ലഭിച്ചിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച് തൃക്കാക്കര നഗരസഭാ കൗൺൽ തീരുമാനം അംഗീകരിച്ച് താൽക്കാലിക ജീവനക്കാരുടെ നിയമനം സംബന്ധിച്ച് നിലവിലുള്ള നിബന്ധനകൾക്കും ഇതിലേയ്ക്കാവശ്യമായ ചെലവ് നഗരസഭയുടെ തനതു ഫണ്ടിൽ നിന്നും വഹിക്കണമെന്നുമുള്ള വ്യവസ്ഥയിൽ ടി നഗരസഭയുടെ റവന്യു തൊഴിൽ നികുതി പിരിവിനായി 09.02.2016 ലെ സർക്കാർ ഉത്തരവു പ്രകാരം നിയമിതരായ 15 ബിൽ കളക്ടർമാരുടെ സേവന കാലാവധി 01.06.2016

മുതൽ 3 മാസക്കാലയളവിലേക്ക് കൂടി ദീർഘിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം,**
**എം. അബ്ദുൽ കലാം,**
**അണ്ടർ സെക്രട്ടറി.**

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, തൃക്കാക്കര നഗരസഭ
ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
(തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**